(സി) മെ:ലൂയിസ് ഡെമാർ വാച്ച്സ് (പ്രൈ) ലി.കമ്പനി, ബാംഗ്ലൂർ എന്ന കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്.

(ഡി) ഇപ്രകാരം വാച്ച് വിൽപ്പന നടത്തുവാൻ ദേവസ്വം മുന്നിട്ടിറങ്ങിയതല്ല. മറിച്ച് മെ:ലൂയിസ് ഡെമാർ വാച്ച്സ് (പ്രൈ)ലി. എന്ന സ്ഥാപനം സത്യസായി ഓർഗനൈസേഷൻ പുട്ടപർത്തി, ഇസ്കോൺ ക്ഷേത്രങ്ങൾ എന്നിവിടങ്ങളിലെല്ലാം ശിവൻ, സത്യസായിബാബ, മറ്റു ദേവീദേവന്മാർ എന്നീ ചിത്രങ്ങൾ ആലേഖനം ചെയ്ത ഡയലുകൾ സംവിധാനം ചെയ്ത് വാച്ചുകൾ വില്പനയ്ക്ക് നൽകിയിട്ടുണ്ടെന്നും അപ്രകാരംതന്നെ ശ്രീ. ഗുരുവായൂരപ്പന്റേയും രാധാ-കൃഷ്ണന്മാരുടേയും ചിത്രങ്ങൾ ആലേഖനം ചെയ്ത വാച്ചുകൾ ദേവസ്വത്തിനും കമ്മീഷൻ വ്യവസ്ഥ പ്രകാരം വിൽപ്പന നടത്തുവാൻ തയ്യാറാക്കിത്തരാമെന്നും ആയതിന് വിൽപ്പന നടത്തിയശേഷം വില നൽകിയാൽ മതിയെന്നും കമ്മീഷൻ തുക ദേവസ്വത്തിന് നിശ്ചയിക്കാമെന്നും ബോധിപ്പിച്ചുകൊണ്ട് ചില വാച്ചുകളുടെ സാമ്പിൾസഹിതം അപേക്ഷിച്ചിരുന്നു. ഈ അപേക്ഷ പരിഗണിച്ച് ഭക്തജനങ്ങൾക്ക് ആകർഷകമാകുമെന്നു കരുതി ദേവസ്വം ഭരണസമിതി കമ്മീഷൻ തുക നിശ്ചയിച്ചുകൊണ്ട് വാച്ച് വിൽപ്പന നടത്താൻ തീരുമാനിക്കുകയാണുണ്ടായത്. ആയതിനാൽ ഇതിന് കമ്മീഷൻ നടപടി ഉണ്ടായിട്ടില്ല.

(ഇ) ആകെ 277 വാച്ചുകൾ വിൽപ്പന നടത്തിയിട്ടുണ്ട്.

(എഫ്) 35,680/- രൂപ കമ്മീഷൻ ലഭിച്ചു.

(ജി) 118 എണ്ണം ബാക്കി ഉണ്ട്.

(എച്ച്)&(ഐ) ഉണ്ട്. ഈ വാച്ചിന്റെ പ്രവർത്തനത്തെക്കുറിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ജെ) വാച്ച് നൽകിയ കമ്പനിയുടെ "ടേംസ് ആന്റ് കണ്ടീഷനിൽ" കമ്പനി നൽകുന്ന വാച്ചുകൾ വിൽപ്പന നടത്തിയശേഷം മാത്രം ദേവസ്വത്തിന്റെ കമ്മീഷൻ കഴിച്ച് ബാക്കി വില വകയിൽ സംഖ്യ നൽകാമെന്നായിരുന്നു. മാത്രവുമല്ല കേടുവരുന്ന വാച്ചുകൾക്ക് ഉത്തരവാദിത്വം കമ്പനിതന്നെയാണെന്നതിനാൽ ഇപ്രകാരം കേടുവന്ന വാച്ചുകൾ മാറ്റി നൽകുകയും ചെയ്തിരുന്നു. ആയതിനാൽ കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല.

**99 (1831) എരവട്ടൂർ പള്ളിയറ ഭഗവതിക്ഷേത്രം**

<u>ശ്രീമതി എൻ.കെ. രാധ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാംപ്ര നിയോജകമണ്ഡലത്തിലുള്ള എച്ച്.ആർ. ആന്റ് സി.ഇ.യുടെ ഭരണ നിയന്ത്രണത്തിലുള്ള എരവട്ടൂർ പള്ളിയറ ഭഗവതി ക്ഷേത്രത്തിലെ ട്രസ്റ്റിബോർഡിൽ അംഗമാകാൻ പി.എം. പത്മിനി എന്ന പട്ടികജാതിയിൽപ്പെട്ട സ്ത്രീയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) ഈ നിവേദനം പരിഗണിക്കാതെ ട്രസ്റ്റിബോർഡിലേക്ക് മറ്റൊരാളെ നിയമിച്ചതായുള്ള പരാതി ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അങ്ങനെ നിയമിക്കപ്പെട്ടയാൾ പട്ടികജാതി സമുദായാംഗമാണോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീമതി പത്മിനിയെ കൂടാതെ 8 അപേക്ഷകൾകൂടി ലഭിച്ചിരുന്നു. അതിൽനിന്നും ഒരാളെ നിയമിക്കുകയും ചെയ്തു.

(സി) ലഭിച്ചതായി കാണുന്നില്ല.

(ഡി) അല്ല.

**100 (1832) ദേവസ്വംബോർഡിലെ ആശ്രിത നിയമനം**

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വംബോർഡിൽ (തിരുവിതാംകൂർ) പ്യൂണായി ജോലിയിലിരിക്കവേ 1991-ൽ മരണപ്പെട്ട ശ്രീ. വി.കെ. രാജപ്പന്റെ മൂത്ത പുത്രനായ ശ്രീ.എം.കൃഷ്ണകുമാർ ആശ്രിതനിയമനത്തിനായി 1992-ൽ അപേക്ഷ നൽകിയിരുന്നുവോ;

(ബി) എങ്കിൽ ഇയാളുടെ നിയമനം സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു; ഇയാൾക്ക് നിയമനം നൽകാൻ വൈകുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ജോലി ലഭിക്കാത്തതുകാരണം ദേവസ്വംബോർഡിൽ താഴ്ന്ന ഗ്രേഡിലുള്ള ഏതെങ്കിലും ജോലി നൽകിയാൽ മതിയെന്നു ശ്രീ. കൃഷ്ണകുമാർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(ഡി) ഇയാൾക്ക് ആശ്രിത നിയമനം നൽകുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. വി.ആർ. കൃഷ്ണകുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഡയിംഗ്-ഇൻ ഹാർനസ് സ്കീമിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിയമനത്തിന് അപേക്ഷിച്ചിട്ടുള്ളതും, ക്ലറിക്കൽ തസ്തികയിൽ ടി സ്കീമിൽ നിയമനത്തിനായി തയ്യാറാക്കിയ അർഹരായവരുടെ ലിസ്റ്റിൽ ശ്രീ. വി.ആർ. കൃഷ്ണകുമാറിന്റെ പേര് ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് ഇതിനുമുമ്പ് തയ്യാറാക്കിയ ലിസ്റ്റിൽ 49 പേർ ഇനിയും നിയമനത്തിന് അവശേഷിക്കുന്നു. ഈ ലിസ്റ്റിലെ എല്ലാവർക്കും നിയമനം നൽകിക്കഴിഞ്ഞാൽ മാത്രമേ ശ്രീ. കൃഷ്ണകുമാർ ഉൾപ്പെട്ട ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നിർവാഹമുള്ളൂ. ഇക്കാരണത്താലാണ് ശ്രീ. കൃഷ്ണകുമാറിന്റെ നിയമനം വൈകുന്നത് എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly